**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1017** **07-12-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ ഗവ.എച്ച്.എസ്, പാപ്പനംകോട്, ഗവ.മോഡൽ സ്കൂൾ തൈക്കാട്, ഗവ.വി.എച്ച്.എസ്.എസ് പരണിയം, ഗവ.യു.പി.എസ് ചന്തവിള,എസ്.എൻ.ജി.എച്ച്.എസ് ചെമ്പഴന്തി, ഗവ.എച്ച്.എസ്.എസ് കോട്ടൺഹിൽ,വഴുതയ്ക്കാട് എന്നീ 6 സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കുട്ടികളിൽ വനത്തിന്റെ പ്രധാന്യം മനസ്സിലാക്കുന്നതിനായി വിദ്യാലയങ്ങളിൽ സ്വാഭാവിക വനങ്ങളോട് സാദൃശ്യമുള്ള ചെറുവനങ്ങൾ വച്ച് പിടിപ്പിക്കുന്ന പദ്ധതിയാണ് വിദ്യാവനം പദ്ധതി. ടി പദ്ധതിയ്ക്കായി നല്ല സൂര്യപ്രകാശം ലഭിക്കുന്ന അഞ്ചു സെന്റോളം സ്ഥലം ആവശ്യമാണ്. ഇതിനായി സ്ഥലം തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത സ്ഥലം വികസന പ്രവർത്തനങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ പിന്നീട് ഉപയോഗിക്കേണ്ടിവരില്ല എന്നുറപ്പാക്കുകയും, അപ്രകാരം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് രേഖാമൂലമുള്ള ഉറപ്പ് ലഭ്യമാക്കുകയും ചെയ്യുന്നു. വിദ്യാലയങ്ങളേയും കലാലയങ്ങളേയും തെരഞ്ഞെടുക്കുമ്പോൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഫോറസ്ട്രി ക്ലബ്, നേച്ചർ ക്ലബ്,നാഷണൽ സർവ്വീസ് സ്കീം ഉള്ള സ്ഥാപനങ്ങൾക്കാണ് മുഖ്യപരിഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ